10. യമുന റോളർ ഫ്ളവർ മിൽസ് ലിമിറ്റഡ്, തൃശ്ശൂർ.
11. ഇൻഡ് സീൽ ഇലക്ട്രോ സ്മെൽടേഴ്സ്, പാലക്കാട്.
12. വിസ്മാട്ട് പവർ പ്രൈവറ്റ് ലിമിറ്റഡ്, ഫരീദാബാദ്.

ഈ അപേക്ഷകരിൽ നിന്നും റിക്വസ്റ്റ് ഫോർ പ്രപ്പോസൽ (ആർ. എഫ്. പി.) തെരഞ്ഞെടുക്കുന്നവർക്കാണ് പദ്ധതികൾ അനുവദിച്ചു കൊടുക്കുന്നത്. ആർ. എഫ്. പി. ഇഷ്യൂ ചെയ്യാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ തയ്യാറായ വ്യവസായികൾ

2 [5957] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-03 വർഷത്തിൽ എത്ര വ്യവസായികൾ ചെറുകിട ജല വൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ തയ്യാറായി ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്;

(ബി) വ്യവസായ സഹകാര്യ നിക്ഷേപകർക്കായി എത്ര ചെറുകിട ജലവൈദ്യുത പദ്ധതികളാണ് നീക്കിവച്ചിരിക്കുന്നത്;

(സി) ഇവയിൽ ഏതെങ്കിലും പദ്ധതികൾ സഹകാര്യ നിക്ഷേപകർ ഏറ്റെടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് പറയാമോ?

ഉത്തരം

(എ) വകുപ്പിന്റെ കീഴിലുള്ള സ്മാൾ ഹൈഡ്രോ പ്രമോഷൻ സെൽ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ തയ്യാറായി മുന്നോട്ടുവന്നിട്ടുള്ള സഹകാര്യ സംരംഭകരിൽ, 10 അപേക്ഷകർ വ്യവസായ സഹകരണങ്ങൾ സ്വന്തം ആവശ്യത്തിനായി വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ വേണ്ടിയുള്ള മത്സര ദർഘാസിലേക്ക് പ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്.

12 സഹകാര്യ സംരംഭകർ കെ. എസ്. ഇ. ബി.-ക്ക് വൈദ്യുതി ഉൽപ്പാദിപ്പിച്ചു നൽകാൻ മാത്രം, വരുന്ന ദർഘാസിലേക്ക് പ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്.

(ബി) ചെറുകിട ജലവൈദ്യുത പദ്ധതി നടത്തിപ്പിനായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശപ്രകാരം [ജി. ഒ. (എംഎസ്) 28/2/പി. ഡി.)] 61 ചെറുകിട ജലവൈദ്യുത പദ്ധതികൾ രണ്ടു ഘട്ടമായി സഹകാര്യ മേഖലയുടെ സഹകരണത്തോടെ മത്സര ടെണ്ടർ അടിസ്ഥാനത്തിൽ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന 61 പദ്ധതികളിൽ, ആദ്യഘട്ടമായി വിശദപഠനറിപ്പോർട്ടും, വിശദ അന്വേഷണ റിപ്പോർട്ടും തയ്യാറാക്കിയ 30 പ്രോജക്ടുകളാണ് കൃാപ്റ്റീവ് പവർ പ്ലാന്റ് അടിസ്ഥാനത്തിലും, ഇൻഡിപെൻഡന്റ് പവർ പ്രൊഡ്യൂസർ അടിസ്ഥാനത്തിലും നടപ്പിലാക്കുന്നതിനുവേണ്ടി റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (ആർ. എഫ്. ക്യൂ.) പരസ്യം ചെയ്തിരുന്നത്. റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ വഴി യോഗ്യത നേടിയ അപേക്ഷകരിൽ നിന്നും, റിക്വസ്റ്റ് ഫോർ പ്രപ്പോസൽ (ആർ. എഫ്. പി.) വഴിയാണ് പദ്ധതികൾ അനുവദിച്ചു കൊടുക്കുന്നത്. ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ.

വൈദ്യുതി ചാർജ്ജ് വർദ്ധന

3 [5958] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള സാഹചര്യങ്ങൾ വിശദമാക്കാമോ;

(സി) കേന്ദ്രപൂളിൽ നിന്നും ഇപ്പോൾ ലഭിക്കുന്ന വൈദ്യുതിയുടെ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് വിവിധ ഇവൈദ്യുതി നിലയങ്ങളിൽ ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എത്രയാണ്;

(ഇ) നിലവിലുള്ള വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) കേന്ദ്രപൂളിൽ നിന്നും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വൈദ്യുതി താഴെപ്പറയുന്നു:

(1)	നെയ്വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ	..	153 മെഗാവാട്ട്
(2)	രാമഗുണ്ടം	..	245 മെഗാവാട്ട്
(3)	മദ്രാസ് അറ്റോമിക് നിലയം	..	18 മെഗാവാട്ട്
(4)	കൈഗാ	..	38 മെഗാവാട്ട്
(5)	ഈസ്റ്റേൺ റീജിയൺ	..	73 മെഗാവാട്ട്
			527 മെഗാവാട്ട്

(ഡി) ജൂൺമാസത്തെ വൈദ്യുതി ഉത്പാദനം 328 ദശലക്ഷം യൂണിറ്റാണ്.

LIBRARY ARCHIVES Kerala Legislative Assembly